(ബി) അതിനുശേഷം ആരെയാണ് മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുള്ളതെന്നും നിയമനം നടന്നിട്ടില്ലെങ്കിൽ ആർക്കാണ് എം. ഡി.യുടെ ചുമതല നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(സി) കോർപ്പറേഷനിൽ നിന്നും നൽകുന്ന വിവിധയിനം വായ്പകൾക്ക് അപേക്ഷ നൽകേണ്ട അവസാന തീയതി എന്നായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) മദ്ധളുടെ വിവാഹത്തിനായി കാത്തിരിക്കുന്ന നിരവധി ആളുകൾക്ക് എം. ഡി. ഇല്ലാത്തതുകാരണത്താൽ വായ്പ അനുവദിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇത്തരം അപേക്ഷകളിൻമേൽ അടിയന്തിര തീരുമാനം എടുക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഡെപ്യൂട്ടേഷൻ കാലാവധി അവസാനിച്ച 20-7-2004 മുതൽ.

(ബി) 20-7-2004 മുതൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശ്രീ. അശോക്കുമാർ സിംഗിന് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല നൽകിയിരുന്നു. 6-12-2004 മുതൽ ശ്രീ. എം. അബ്ദുൾ സലിമിനെ മുഴുവൻ സമയ മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്.

(സി) 2004 ജൂലൈ 31.

(ഡി) ഓരോ വർഷവും കോർപ്പറേഷനിൽ നിന്നും 25 പേർക്ക് മാത്രമേ വിവാഹവായ്പ അനുവദിക്കുന്നുള്ളൂ. അതുപ്രകാരം 2004-2005-ൽ 25 പേർക്ക് തുക അനുവദിച്ചിട്ടുണ്ട്.

(ഇ) ബാധകമല്ല.

അക്കാദമികളും സ്മാരകങ്ങളും

170 [946] ശ്രീ. തോമസ് ഉണ്ണിയാടൻ :
" സ്റ്റീഫൻ ജോർജ് :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്കാരിക കാര്യ വകുപ്പിന് കീഴിൽ എത്ര അക്കാദമികളും സ്മാരകങ്ങളും മറ്റു സ്ഥാപനങ്ങളും നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പേരു വിവരവും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് ഓരോ വർഷവും സാംസ്കാരിക കാര്യവകുപ്പ് എന്തു തുകയാണ് നീക്കിവെച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) സാംസ്കാരിക കാര്യവകുപ്പിന് കീഴിലുള്ള ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം കുറ്റമറ്റതാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സാംസ്കാരിക കാര്യവകുപ്പിന് കീഴിൽ ആറു അക്കാദമികളും പതിമൂന്നു സ്മാരകങ്ങളും പതിനൊന്ന് മറ്റു സ്ഥാപനങ്ങളും നിലവിലുണ്ട്.

(ബി, സി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി) പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഒരു ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

സ്വാതന്ത്ര്യ സമര ചരിത്ര മ്യൂസിയം

171 [947] ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യ സമര സേനാനികളുടെ സ്മരണയ്ക്കായി തിരുവനന്തപുരത്ത് സ്മാരകം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിവരങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത ചരിത്ര സ്മാരകം സ്ഥാപിക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ വിശദമായ പഠനം നടത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) സർക്കാർ തലത്തിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ മുൻപ് സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(ഇ) ഇൻഡ്യൻ ദേശീയ പ്രസ്ഥാനവും സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് സംസ്ഥാന പുരാരേഖാ വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ ഉൾക്കൊള്ളിച്ച് പുരാരേഖ വകുപ്പിന്റെ ചുമതലയിൽ സ്വാതന്ത്ര്യ സമര ചരിത്ര മ്യൂസിയം തിരുവനന്തപുരത്ത് സ്ഥാപിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ ?

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-VII

[8-2-2005-ലെ ചോദ്യം നമ്പർ 170 (946)-ന്റെ ഉത്തരം ദയവായി കാണുക]

(a) അക്കാദമികൾ ആകെ 6 എണ്ണം.

1. കേരള കലാമണ്ഡലം

ലോകമെമ്പാടും പ്രചുര പ്രചാരം നേടിക്കൊണ്ട് കേരള ക്ളാസിക് കലാരൂപങ്ങളുടെ ഉന്നമനത്തിനും, പരിശീലനത്തിനും വേണ്ടി നിലകൊള്ളുന്നു. 2004-2005 വർഷത്തെ ഗ്രാന്റ്—പ്ലാൻ-90,00,000

നോൺ പ്ലാൻ—84,71,000

2. കേരള സാഹിത്യ അക്കാദമി

മലയാള ഭാഷയുടേയും സാഹിത്യത്തിന്റെയും വളർച്ചയ്ക്കുവേണ്ടി മറ്റു ഭാഷകളുമായി മലയാള സാഹിത്യത്തിലെ കൃതികൾ ഭാഷാന്തരീകരണം നടത്തുക, സാഹിത്യാഭിവൃത്തിക്കുവേണ്ടി സാഹിത്യകാരന്മാരുടെ ഇടയിൽ സഹകരണം വളർത്തുക, വിജ്ഞാനകോശങ്ങൾ, ഗ്രന്ഥസൂചികകൾ, സാഹിത്യ ചരിത്രങ്ങൾ തുടങ്ങിയവ തയ്യാറാക്കി പ്രസിദ്ധീകരിക്കുക, നിർദ്ധന സാഹിത്യകാരന്മാർക്ക് ധനസഹായം ചെയ്യുക തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

വാർഷിക ധനസഹായം(2004-05)—

പ്ലാൻ—25,00,000 നോൺ പ്ലാൻ—35,20,000

3. കേരള ലളിതകലാ അക്കാദമി

ദൃശ്യകലാ പാരമ്പര്യത്തെ സംരക്ഷിക്കുവാനും ആ രംഗത്തുള്ള പ്രതിഭകളെ പ്രോൽസാഹിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ.

വാർഷിക ധനസഹായം(2004-05)—

പ്ലാൻ—25,00,000 നോൺ പ്ലാൻ—35,20,000

4. കേരള സംഗീത നാടക അക്കാദമി

സംഗീതം, നൃത്തം, നാടകം, നാടൻ കലാരൂപങ്ങൾ, ഇന്ദ്രജാലം തുടങ്ങിയവ അവതരിപ്പിക്കുന്ന കലാസമിതികൾക്ക് ഗ്രാന്റും അംഗീകാരവും നൽകി പ്രോൽസാഹിപ്പിക്കുക, അവശത അനുഭവിക്കുന്ന കലാകാരന്മാർക്ക് സാന്ത്വനിക സഹായം നൽകുക, ശിൽപശാലകളും സെമിനാറുകളും സംഘടിപ്പിക്കുക തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

വാർഷിക ധനസഹായം (2004-05)—

പ്ലാൻ—25,00,000 നോൺ പ്ലാൻ—29,13,000

5. കേരള ഫോക്‌ലോർ അക്കാദമി

കേരളത്തിലെ പാരമ്പര്യ കലകളെ പ്രോൽസാഹിപ്പിക്കുക, നാടൻ കലകളുടെ ഡോക്കുമെന്റേഷൻ, ഫോക്‌ലോർ ഡയറക്ടറി, ഫോക് കൾച്ചറൽ മ്യൂസിയം, പുസ്തക പ്രസിദ്ധീകരണം, കലാകാരൻമാർക്ക് അവാർഡ് തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

വാർഷിക ധനസഹായം(2004-05)—

പ്ലാൻ—10,00,000 നോൺ പ്ലാൻ—7,84,000

LIBRARY ARCHIVES Kerala Legislative Assembly

6. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

സംസ്ഥാന ചലച്ചിത്ര-ടി. വി. അവാർഡുകൾ, നിർണ്ണയവും വിതരണവും, അന്താരാഷ്ട്ര ചലച്ചിത്രോൽസവം സംഘടിപ്പിക്കുക, നിലവാരമുള്ള മലയാള സിനിമയെ പ്രോൽസാഹിപ്പിക്കുക, കേരളത്തിലെ ഫിലിം സൊസൈറ്റികളെ പ്രോൽസാഹിപ്പിക്കുക, ആർക്കൈവ്സ് റിസർച്ച് ലൈബ്രറി തുടങ്ങിയവകൾക്ക് രൂപം നൽകുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

വാർഷിക ധനസഹായം(2004-05)—

പ്ലാൻ—1,20,00,000 നോൺ പ്ലാൻ—1,04,72,000

(b) സ്മാരകങ്ങൾ:

സ്മാരകത്തിനാധാരമായ വ്യക്തികളുടെ സാഹിത്യ കലാ സാംസ്കാരിക രംഗങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളെ പ്രോൽസാഹിപ്പിക്കുക, സാഹിത്യ കലാ സെമിനാറുകളും ശിൽപശാലകളും സംഘടിപ്പിക്കുക എന്നിവയാണ് പ്രധാനമായ പ്രവർത്തന മേഖലകൾ. 13 സ്മാരകങ്ങളാണ് ഈ വകുപ്പിന്റെ കീഴിൽ ഉള്ളത്.

1. കുമാരനാശാൻ നാഷണൽ കൾച്ചറൽ ഇൻസ്റ്റിറ്റ്യൂട്ട്, തോന്നയ്ക്കൽ:
വാർഷിക ധനസഹായം: (2004-05) 10,00,000 (നോൺ പ്ലാൻ)

2. ഗുരു ഗോപിനാഥ് നടനഗ്രാമം-വട്ടിയൂർക്കാവ്:
വാർഷിക ധനസഹായം: (2004-05) 10,00,000 (പ്ലാൻ)

3. കുഞ്ചൻ നമ്പ്യാർ സ്മാരകം-കിള്ളിക്കുറിശ്ശിമംഗലം:
വാർഷിക ധനസഹായം: (2004-05) 1,25,000 (നോൺ പ്ലാൻ)

4. കുഞ്ചൻ നമ്പ്യാർ സ്മാരകം-അമ്പലപ്പുഴ:
വാർഷിക ധനസഹായം: (2004-05) 75,000

5. സരസകവി മൂലൂർ സ്മാരകം-ഇലവുംതിട്ട:
വാർഷിക ധനസഹായം: (2004-05) 75,000

6. എ. ആർ. രാജരാജവർമ്മ സ്മാരകം-മാവേലിക്കര:
വാർഷിക ധനസഹായം: (2004-05) 1,00,000

7. ഗോവിന്ദ പൈ സ്മാരകം-കാസർകോട്:
വാർഷിക ധനസഹായം: (2004-05) 37,500

8. മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകം-കൊണ്ടോട്ടി:
വാർഷിക ധനസഹായം: (2004-05) 50,000

9. ശ്രീനാരായണ അന്തർദേശീയ പഠന ഗവേഷണ കേന്ദ്രം-ചെമ്പഴന്തി:
വാർഷിക ധനസഹായം: (2004-05) 50,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.

10. അപ്പൻ തമ്പുരാൻ സ്മാരകം-തൃശ്ശൂർ,
വാർഷിക ധനസഹായം: (2004-05) 1,00,000

11. സഹോദരൻ അയ്യപ്പൻ സ്മാരകം-ചേറായി,
വാർഷിക ധനസഹായം: (2004-05) 1,00,000

LIBRARY ARCHIVES Kerala Legislative Assembly

12. വൈലോപ്പള്ളി സംസ്കൃതി—ഭവൻ തിരുവനന്തപുരം,
വാർഷിക ധനസഹായം: (2004-05) വർഷം ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തിയിട്ടില്ല.

13. കെ. എം. ജോർജ് മെമ്മോറിയൽ ഭാഷാ ഗവേഷണ കേന്ദ്രം,

(ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിലാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്.)

(c) മറ്റു സ്ഥാപനങ്ങൾ ആകെ 11 എണ്ണം

1. **ഭാരത് ഭവൻ**

ഇൻഡ്യയുടെ വിവിധ സംസ്ഥാനങ്ങളിലെ സാംസ്കാരിക പ്രവർത്തകരുടെ കലാരൂപങ്ങൾ കേരളത്തിൽ പ്രദർശിപ്പിക്കുക, പഠിപ്പിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ.

വാർഷിക ധനസഹായം: (2004-05)

പ്ലാൻ: 2,00,000 നോൺ പ്ലാൻ: 1,73,000

2. **സംസ്ഥാന ജവഹർ ബാലഭവൻ-തിരുവനന്തപുരം**

സംസ്ഥാനത്തെ പതിനാലു വയസ്സുവരെയുള്ള കുട്ടികൾക്ക് സ്കൂൾ വിഷയേതര വിഷയങ്ങളായ വിവിധ കലാരൂപങ്ങൾ, നൃത്ത-താള-മേള വാദ്യങ്ങൾ തുടങ്ങിയവ അഭ്യസിപ്പിക്കുക, അഭിനയ കലകളിലും മറ്റും പ്രാവീണ്യം നൽകുക തുടങ്ങിയ കാര്യങ്ങളാണ് ചെയ്തുവരുന്നത്.

വാർഷിക ധനസഹായം: (2004-05)

7,60,000 (നോൺ പ്ലാൻ)

3. **സംസ്ഥാന ജവഹർ ബാലഭവൻ-തൃശ്ശൂർ**

നൃത്ത-താള-മേള വാദ്യങ്ങളിലും അഭിനയകലയിലും കുട്ടികളിൽ താൽപ്പര്യം വളർത്തത്തക്ക രീതിയിലുള്ള ക്ലാസുകൾ നടത്തിവരുന്നു.

വാർഷിക ധനസഹായം: (2004-05) (നോൺ പ്ലാൻ) 2,25,000

4. **സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി**

ബിംബലേഖന വിദ്യയിലെ ഗവേഷണം, വികസനോന്മുഖ വിനിമയം, ആയതിനുള്ള പരിശീലനം ഇൻഫർമേഷൻ ടെക്നോളജി ഭരണരംഗത്തും വിദ്യാഭ്യാസ രംഗത്തും നടപ്പിലാക്കൽ, സെക്യൂരിറ്റി ഹോളോഗ്രാഫുകളുടെ നിർമ്മാണവും ഗവേഷണവും എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് ഈ സ്ഥാപനത്തിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

വാർഷിക ധനസഹായം: (2004-05)

(പ്ലാൻ) 1,25,00,000

5. **കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ**

ഫിലിം സ്റ്റുഡിയോകൾ, ലബോറട്ടറികൾ, സിനിമാ തീയേറ്ററുകൾ മുതലായവയുടെ നിർമ്മാണവും നടത്തിപ്പും, ചലച്ചിത്ര വ്യവസായവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നടത്തുകയും ചലച്ചിത്ര വ്യവസായത്തിന്റെ വളർച്ചയ്ക്ക് വേണ്ടിയുള്ള എല്ലാ സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുക എന്നിവയാണ് പ്രവർത്തനങ്ങൾ.

വാർഷിക ധനസഹായം: (2004-05)

(പ്ലാൻ) 55,00,000

6. **വാസ്തു വിദ്യാ ഗുരുകുലം**

വാസ്തുവിദ്യാപരമായ കെട്ടിടനിർമ്മാണം, മ്യൂറൽ പെയിന്റിംഗ്, ഹെറിറ്റേജ് ലിഫ്റ്റിംഗ് പരിപാടികൾ, മലയാള ഭാഷാ സംരക്ഷണവും പോഷിപ്പിക്കലും തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു.

വാർഷിക ധനസഹായം: (2004-05) 15,00,000

7. **സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**

കുട്ടികളുടെ വിജ്ഞാന വളർച്ചയ്ക്കും സർഗ്ഗാത്മക വിജ്ഞാനത്തിനും വേണ്ടി വിവിധ വിഷയങ്ങൾ അധികരിച്ച് അനുബന്ധ ഗ്രന്ഥങ്ങളും വിജ്ഞാനകോശങ്ങളും പ്രസിദ്ധീകരിക്കുക, കുട്ടികൾക്കും ബാലസാഹിത്യകാർക്കും വേണ്ടി ശിൽപ്പശാലകളും സെമിനാറുകളും സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കുക, 'തളിർ' തുടങ്ങിയ ബാലമാസിക പ്രസിദ്ധീകരിക്കുക തുടങ്ങിയവകളാണ് പ്രവർത്തനങ്ങൾ.

വാർഷിക ധനസഹായം: (2004-05) പ്ലാൻ—35,00,000
നോൺ പ്ലാൻ—29,81,000

8. **കേരള സംസ്ഥാന സർവ്വ വിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്**

സർവ്വ വിജ്ഞാനകോശവും വിശ്വ സാഹിത്യ വിജ്ഞാന കോശവും വാല്യങ്ങളായി പ്രസിദ്ധീകരിച്ചുവരുന്നു.

വാർഷിക ധനസഹായം: (2004-05) പ്ലാൻ—40,00,000
നോൺ പ്ലാൻ—70,56,000

LIBRARY ARCHIVES Kerala Legislative Assembly

9. **കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**

സർവ്വകലാശാലാ തലത്തിൽ അദ്ധ്യയന മാധ്യമമായി മലയാള ഭാഷയെ സജ്ജമാക്കുക എന്നതിനുള്ള പ്രവർത്തനമാണ് നടന്നുവരുന്നത്.

വാർഷിക ധനസഹായം: (2004-05) പ്ലാൻ—50,00,000

നോൺ പ്ലാൻ—89,99,000

10. **കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി**

കേരള സർക്കാറിന്റെ കീഴിലുള്ള വിവിധ സാംസ്കാരിക പ്രസിദ്ധീകരണ സ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളും മറ്റു പ്രസിദ്ധീകരണങ്ങളും വായനക്കാരുടെ കൈകളിലെത്തിക്കുന്നതിനും വിപണന മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനും പുസ്തക പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

വാർഷിക ധനസഹായം: (2004-05)

പ്ലാൻ—10,00,000

11. **സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്**

കേരളത്തിന്റെ പ്രൗഢവും സമ്പന്നവുമായ സാംസ്കാരിക പൈതൃകത്തെക്കുറിച്ച് മലയാളി സമൂഹത്തെ ബോധവൽക്കരിക്കുന്നതിനും, ആർക്കിയോളജി, മ്യൂസിയോളജി, കൺസർവേഷൻ ആന്റ് ആർക്കൈവ് സ്റ്റഡീസ് എന്നീ മേഖലകളിൽ യൂണിവേഴ്സിറ്റി അംഗീകൃത അക്കാദമിക് പ്രവർത്തനത്തിനും വേണ്ടി നിലകൊള്ളുന്നു. അതുപോലെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ അംഗീകാരത്തോടെ പോസ്റ്റു ഗ്രാഡുവേറ്റ് ഡിപ്ലോമ കോഴ്സും ഹ്രസ്വകാല കോഴ്സും മേൽ സൂചിപ്പിച്ച വിഷയങ്ങളിൽ നടത്തിവരുന്നു.

വാർഷിക ധനസഹായം: (2004-05)—

(പ്ലാൻ)—10,00,000

LIBRARY ARCHIVES Kerala Legislative Assembly